**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

I.T

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 271 — 10/07/2015-ൽ മറുപടിയ്ക്ക്

## കാർഷിക നയം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സി.മോയിൻ കുട്ടി**<br>**,, കെ.മുഹമ്മദുണ്ണി ഹാജി**<br>**,, പി.ബി. അബ്ദുൾ റസാക്**<br>**,, കെ.എം.ഷാജി** | | **ശ്രീ. കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) 2015-ലെ കാർഷിക നയത്തിൽ എന്തിനൊക്കെയാണ് പ്രാധാന്യം നൽകിയിട്ടുള്ളതെന്നും അതിനുള്ള കാരണങ്ങളെന്തെല്ലാമെന്നും വിശദമാക്കുമോ; | എ) | കൃഷി ഭൂമി, ജല ലഭ്യത, മണ്ണിന്റെ ഉല്പാദനക്ഷമത, കാലാവസ്ഥയും പരിസ്ഥിതിയും. കർഷകരുടേയും കർഷക തൊഴിലാളികളുടെയും ക്ഷേമം, യന്ത്രവത്ക്കരണം, ശാസ്ത്ര സാങ്കേതിക-വിവര സാങ്കേതിക വിദ്യ കാർഷിക രംഗത്ത് ഉപയോഗിക്കൽ, അന്തർദേശീയ വ്യാപാര മേഖല, കർഷക ഉല്പാദക സംഘങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വിള ഇൻഷ്വറൻസ്, കാർഷിക വായ്പാ നയം, വിള സംരക്ഷണം, വളർത്തു മൃഗങ്ങളുടെ പരിപാലനം, മൃഗ ഉല്പന്നങ്ങളുടെ ഗുണ നിലവാരം, ക്ഷീര വികസനം, പൗൾട്രി വികസനം, വിത്തുകളെയും നടീൽ വസ്തുക്കളെയും സംബന്ധിക്കുന്ന വിഷയങ്ങൾ, കൃഷി ഫാമുകളുടെ നവീകരണം, മൂല്യ വർദ്ധനവും സംസ്കരണവും, കാർഷിക ബജറ്റ്, ഹൈടെക് കൃഷി, ബയോടെക്നോളജിയേയും ജനിതകതയേയും സംബന്ധിച്ച വിഷയം തുടങ്ങി കൃഷി-മൃഗ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങൾക്കും പ്രാധാന്യം നല്കി കൊണ്ട് സംസ്ഥാന കാർഷിക വികസന നയം |

| | | | |
|---|---|---|---|
| | | | രൂപപ്പെടുത്തിയിട്ടുണ്ട്. നയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) | തുണ്ടുഭൂമികളിലും ഫലവൃക്ഷങ്ങൾക്കിടയിലും ഉപയുക്തമാക്കാവുന്ന സ്ത്രീ സൗഹൃദ ലഘുയന്ത്രങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയ്ക്കു കാർഷിക നയത്തിൽ നല്കിയിട്ടുള്ള പ്രാധാന്യം വിശദമാക്കുമോ; | ബി) | അനുബന്ധമായി ചേർത്തിരിക്കുന്ന കാർഷിക വികസന നയം 89-ൽ (പേജ്- 83) വിശദമാക്കിയിട്ടുണ്ട്. |
| സി) | സോളാർ, വായു അധിഷ്ഠിത കാർഷിക ഉപകരണങ്ങൾ കുറഞ്ഞ ചെലവിൽ കൃഷിക്കാർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു വിധത്തിലെന്ന് വ്യക്തമാക്കുമോ? | സി) | അനുബന്ധമായി ചേർത്തിരിക്കുന്ന നയത്തിലെ കാർഷിക വികസന നയം 93 (പേജ്- 85) പ്രകാരം വൈദ്യുതി ഉപയോഗവും കൃഷിച്ചെലവും കുറയ്ക്കുന്നതിനായി പാടശേഖരങ്ങളുടെ വരമ്പുകളിലെ സൗരോർജ്ജവും കാറ്റും അവയുടെ സങ്കരയിനം സാങ്കേതിക വിദ്യകളും അടിസ്ഥാനമാക്കിയുള്ള, ഉയർന്ന കാര്യക്ഷമതയുള്ള മോട്ടോർ പമ്പുകൾ സ്ഥാപിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകണമെന്ന് വിവക്ഷിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്